(ഡി) പ്രൊമോഷൻ, പെൻഷൻ പ്രായം തുടങ്ങിയവ സംബന്ധിച്ച കേരള ഭരണപരിഷ്കാര സമിതിയുടെ ശുപാർശകൾ പരിശോധിച്ചു വരുന്നതേയുള്ളൂ. പ്രവൃത്തി സമയം, അവധി നിയമം ഇവ സംബന്ധിച്ച കമ്മിറ്റിയുടെ ശുപാർശകൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല. ഹാജർ വ്യവസ്ഥയിലെ ഭേദഗതി സംബന്ധിച്ച് കേരള ഭരണപരിഷ്കാര സമിതിയുടെ രണ്ടാമത് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് അനക്സ് ഉടക്കം ഏതാനും പ്രധാന ആഫീസുകളിൽ "അറ്റൻഡൻസ് മോണിറ്ററിംഗ് സിസ്റ്റം" (പഞ്ചിംഗ് സമ്പ്രദായം) ഏർപ്പെടുത്തുകയുണ്ടായി.

(ഇ) ആവശ്യമെന്നു കണ്ടാൽ പരിശോധിക്കുന്നതാണ്.

കേരള സിവിൽ സർവ്വീസിന്റെ ഘടന

21 (2972) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നിലവിൽ സർക്കാർ നിയമനങ്ങൾക്കായി പി.എസ്.സി. വഴി അപേക്ഷിക്കുന്നതിനാവശ്യമായ പ്രായവും പ്രായപരിധിയും നിലനിറുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസിലുള്ളവർക്ക് പ്രായപരിധിയിൽ പരമാവധി ഇളവ് അനുവദിക്കുകയും ചെയ്തുകൊണ്ടുള്ള വകുപ്പുകൾ കേരള സിവിൽ സർവ്വീസിൽ ഉൾപ്പെടുത്തുമോ ?

ഉത്തരം

പരിശോധിച്ചു വരുന്നതേയുള്ളൂ.

സംസ്ഥാന സർവ്വീസ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരണം

22 (2973) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽപോലെ സംസ്ഥാനത്തെ സിവിൽ സർവ്വീസിലെ തർക്കങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ പ്രതിയായി സമർപ്പിക്കപ്പെട്ട സർവ്വീസ് കേസുകളിൽ എത്രയെണ്ണം തീർപ്പാക്കി എന്ന് വിശദമാക്കുമോ ;

(സി) എത്ര വർഷംവരെ പഴക്കമുള്ള സർവ്വീസ് കേസുകൾ ഇപ്പോഴും നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ജീവനക്കാർ പെൻഷനായിപ്പോയാലും കേസുകൾ തീരാത്ത ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly